(ഡി)&(ഇ) പ്രശ്നം പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് വൈദ്യുതി ബോർഡ് ചെയർമാൻ, ചെയർമാനായും പഞ്ചായത്ത് ഡയറക്ടർ മെമ്പർ കൺവീനറായും, വൈദ്യുതി ബോർഡ് ഡിസ്ട്രിബ്യൂഷൻ മെമ്പർ, പ്രിൻസിപ്പൽ സെക്രട്ടറി, പവർ ഡിപ്പാർട്ടുമെന്റ് തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ആന്റ് റൂറൽ സെക്രട്ടറിമാർ, മുനിസിപ്പൽ ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റിയുടെ തീരുമാനപ്രകാരം വൈദ്യുതി ബോർഡ് ചീഫ് എഞ്ചിനീയർ (സൗത്ത്) ഡെപ്യൂട്ടി ചീഫ് എൻജിനീയർ (കൊമേഴ്സ്യൽ) മുനിസിപ്പൽ ജോയിന്റ് ഡയറക്ടർ (ഭരണ വിഭാഗം) പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണ വിഭാഗം) എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി, തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങൾ സന്ദർശിച്ച് അവിടങ്ങളിലെ രീതികൾ സംബന്ധിച്ച് പഠനം നടത്തി ഒരു റിപ്പോർട്ട് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം ഇപ്പോൾ കമ്മിറ്റിയുടെ പരിഗണനയിലാണ്.

(എഫ്)പ്രത്യേക സംവിധാനം ഒന്നും ഏർപ്പെടുത്തിയിട്ടില്ല. കമ്മീഷൻ സ്വീകരിച്ച് മറ്റു നടപടിക്രമങ്ങൾ പാലിച്ച് ആവശ്യാനുസരണം സാധനങ്ങൾ വാങ്ങി നൽകുകയാണ് പതിവ്.

209 (275) റവന്യൂ വകുപ്പിലെ വിജിലൻസ് സെല്ലുകൾ

ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ രൂപീകരിച്ച രണ്ട് മേഖലാ വിജിലൻസ് സെല്ലുകളിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) 1999 നവംബർ 30 വരെ ഓരോ സെല്ലിലും എത്ര പരാതികൾവീതം ലഭിച്ചു; എത്ര പരാതികളിൽവീതം അന്വേഷണം പൂർത്തിയാക്കി ഗവൺമെന്റിനു റിപ്പോർട്ട് സമർപ്പിച്ചു. എത്ര ജീവനക്കാർ കുറ്റക്കാരാണെന്നു കണ്ടു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ മേഖലയിലും അന്വേഷണം പൂർത്തിയാക്കുവാനുള്ള പരാതികളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഈ സെല്ലുകളിൽ ലഭിക്കുന്ന പരാതികളിൽമേൽ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിജിലൻസ് സെല്ലുകളിൽ ലഭിച്ചുവരുന്ന പരാതികളിൽ അന്വേഷണം നടത്തി ശുപാർശസഹിതം റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിലും സർക്കാരിലും സമർപ്പിക്കുന്നുണ്ട്.

(ബി) 1999 നവംബർ 30 വരെ ഉത്തരമേഖലാ വിജിലൻസ് സെല്ലിൽ 402 പരാതികളും ദക്ഷിണമേഖലാ വിജിലൻസ് സെല്ലിൽ 558 പരാതികളും ലഭിച്ചിട്ടുണ്ട്. ഉത്തരമേഖലാ സെല്ലിൽ ലഭിച്ച 402 പരാതികളിൽ 243 പരാതികളിലും ദക്ഷിണമേഖലാ വിജിലൻസ് സെല്ലിൽ ലഭിച്ച 558 പരാതികളിൽ 316

LIBRARY ARCHIVES Kerala Legislative Assembly

എണ്ണത്തിലും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 87 ജീവനക്കാർ കുറ്റക്കാരാണെന്നുകണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

(ഡി) ഈ സെല്ലുകളിൽ ലഭിക്കുന്ന പരാതികളിൽമേൽ സമയബന്ധിതമായ തീർപ്പു കല്പിക്കുന്നതിനും വിജിലൻസ് സെല്ലുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഈ വിഷയത്തിൽ തീരുമാനമൊന്നും കൈകൊണ്ടിട്ടില്ല.

210 (276) സംയോജിത കയർ വികസന പരിപാടി

ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംയോജിത കയർ വികസന പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പരിപാടി സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര രൂപയുടെ കയറുല്പന്നങ്ങൾ കെട്ടിക്കിടക്കുന്നുണ്ട്;

(ഡി) ഇവ സംഭരിച്ച് വിറ്റഴിക്കുന്നതിനും കയർ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1993-94 വർഷം മുതലാണ് ആരംഭിച്ചത്.

(ബി) കേന്ദ്ര ഗവൺമെന്റ്, എൻ.സി.ഡി.സി എന്നിവരുടെ സാമ്പത്തിക സഹായത്തോടെ 93-94 മുതൽ നടപ്പിൽവരുത്തിയ സംയോജിത കയർ വികസന പദ്ധതികൾ സഹകരണ മേഖലയിൽ 100 യന്ത്രവൽക്കൃത ചകിരി മില്ലുകളും 200 മോട്ടോറൈസ്ഡ് കയറുപിരി യൂണിറ്റുകളും സ്ഥാപിക്കുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയോളം മുതൽമുടക്ക് വരും. ഇതുവരെ 125 കയർപിരി യൂണിറ്റുകൾക്കും 50 ചകിരി നിർമ്മാണമില്ലുകൾക്കും ധനസഹായമനുവദിച്ചിട്ടുണ്ട്. ഇതിൽ 74 കയർപിരി യൂണിറ്റുകളും 18 ചകിരി മില്ലുകളും സ്ഥാപിച്ച് ഉല്പാദനം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ളവ വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്. യന്ത്രങ്ങൾ, വൈദ്യുതി ഇവ ലഭിക്കുന്ന മുറയ്ക്ക് അവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ഏകദേശം 25 കോടി രൂപയുടെ

(ഡി) കയർ, കയറുല്പന്നങ്ങൾ എന്നിവ സംഭരിച്ച് വിറ്റഴിക്കുന്നതിനും കയർ സഹകരണസംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും സർക്കാർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly